**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4884 — 23.03.2018 ലെ മറുപടിയ്ക്ക്

## ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി പദ്ധതികൾ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|
| വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്ത്, ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനും ജപ്തി നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള പദ്ധതിയുടെ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ? | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്ത് ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കുന്നതിന് കടാശ്വാസ പദ്ധതി നിലവിലുണ്ട്.<br><br>പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതി തള്ളുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന്റെ ഒരു വായ്പാ കുടിശ്ശിക എഴുതി തള്ളുന്നു. വരുമാന പരിധി 1 . 5 ലക്ഷം രൂപയാണ്. ആനുകൂല്യത്തിനായി ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന് നൽകേണ്ടതാണ്.<br><br>സ.ഉ.(അ)ന. 71/2015/പജ./പവ.വിവ. തീയതി 01/10/2015 പ്രകാരം പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01/04/2006 മുതൽ 31/03/2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും, പലിശയും, പിഴപലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിപ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. അപേക്ഷകൻ/അപേക്ഷക പട്ടികവർഗ്ഗത്തിൽ പ്പെട്ട ആളായിരിക്കണം.<br>2. ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ |

3. മുതൽ, പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ നിശ്ചിത തീയതിയിൽ ഒരു ലക്ഷം രൂപയുടെ ഉള്ളിൽ വരുന്ന വായ്പകൾ മാത്രം.
4. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയംതൊഴിൽ വായ്പ (വ്യക്തിഗത വായ്പകൾ) വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണ്ണപണയത്തിന്മേലുള്ള കാർഷിക വായ്പ എന്നിവയിലുള്ള കടിശ്ശികകൾ പരിഗണിക്കും (മുൻഗണനാ ക്രമത്തിൽ)
5. സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
6. 01.04.2006 മുതൽ 31.03.2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന വായ്പകൾ.
7. കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ ബോർഡ്/ കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കിംഗ് മേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ വായ്പ പരിഗണിക്കുകയില്ല.
8. അപേക്ഷകന്റെ കുടുംബത്തിൽ ആരെങ്കിലും ക്രമനമ്പർ 7 പ്രകാരമുള്ള സേവനം അനുഷ്ഠിക്കുന്നുണ്ടെങ്കിൽ ടി അപേക്ഷകൾ പരിഗണിക്കുന്നതല്ല.
9. ഈ പദ്ധതിയിൽ പരിഗണിക്കുന്നതിനായി വായ്പയുമായി ബന്ധപ്പെട്ട ബാങ്കിംഗ് രേഖ, റേഷൻകാർഡിന്റെ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.
10. അപേക്ഷകളിൽ ബന്ധപ്പെട്ട ടി.ഇ.ഒയുടെ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തണം.
11. ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളിൽ ഒരു കുടുംബത്തിൽ ഒരു അപേക്ഷകന്റെ ഒരു വായ്പ മാത്രമേ ഒരു സാമ്പത്തികവർഷത്തിൽ പരിഗണിക്കുകയുള്ളൂ.
12. വായ്പാ തുക, മുതൽ, പലിശ, പിഴപ്പലിശ എന്നിവയുൾപ്പെടെ ഒരു ലക്ഷത്തിൽ അധികരിച്ച വരികയാണെങ്കിൽ

| | |
|---|---|
| | അപേക്ഷകൻ അധികരിച്ച വരുന്ന തുക ആദ്യം ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ച തീർത്ത് തെളിവ് ഹാജരാക്കുന്ന പക്ഷം അവശേഷിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നതാണ്.<br><br>ഈ പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും, പലിശയും, പിഴപലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ള വർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സർക്കാർ ഉത്തരവ് (പി)നം118/2016 ധന തീയതി 20/08/2016 പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയും നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**